കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ: B2/140/2024-SEC തീയതി: **13-11-2024**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & കളക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ**

തഹസിൽദാർ, കാട്ടാക്കട &
വരണാധികാരി, ജി.07 വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

എംപ്ലോയിമെന്റ് ഓഫീസർ, ടൗൺ എംപ്ലോയിമെന്റ് എക്സ്ചേഞ്ച്, കുന്നത്തൂർ, ശാസ്താംകോട്ട &
വരണാധികാരി, ജി.08 വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത്, കൊല്ലം

താലൂക്ക് സപ്ലൈ ഓഫീസർ, കുന്നത്തൂർ, ശാസ്താംകോട്ട &
വരണാധികാരി, ജി.11 കുന്നത്തൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, പത്തനാപുരം, പുനലൂർ പി.ഒ &
വരണാധികാരി, ജി.27 ഏരൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, കരുനാഗപ്പള്ളി &
വരണാധികാരി, ജി.50 തേവലക്കര ഗ്രാമപഞ്ചായത്ത്, കൊല്ലം

താലൂക്ക് സപ്ലൈ ഓഫീസർ, കൊട്ടാരക്കര &
വരണാധികാരി, ജി.60 ചടയമംഗലം ഗ്രാമപഞ്ചായത്ത്, കൊല്ലം

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോന്നി &
വരണാധികാരി, ബി.28 കോന്നി ബ്ലോക്ക്പഞ്ചായത്ത്, പത്തനംതിട്ട

ജോയിന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), പത്തനംതിട്ട&
വരണാധികാരി, ബി.29 പന്തളം ബ്ലോക്ക്പഞ്ചായത്ത്, പത്തനംതിട്ട

സോയിൽ കൺസർവേഷൻ ഓഫീസർ, തിരുവല്ല &
വരണാധികാരി, ജി.10 നിരണം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (ബ്രിഡ്ജസ്), തിരുവല്ല &
വരണാധികാരി, ജി.17 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി (റോഡ്സ്), സബ് ഡിവിഷൻ, പത്തനംതിട്ട &
വരണാധികാരി, ജി.36 അരുവാപ്പലം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

അസിസ്റ്റന്റ് ഡയറക്ടർ (ജനറൽ) &

വരണാധികാരി, ബി.34 ആര്യാട് ബ്ലോക്ക്പഞ്ചായത്ത്, ആലപ്പുഴ

റീസർവ്വെ സൂപ്രണ്ട്,ഹരിപ്പാട് &
വരണാധികാരി, ജി.66 പത്തിയൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി പ്രോജക്ട് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, കാഞ്ഞിരപ്പള്ളി &
വരണാധികാരി, എം.64 ഈരാറ്റുപേട്ട മുനിസിപ്പൽ കൗൺസിൽ, കോട്ടയം

അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ, താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്, കോട്ടയം &
വരണാധികാരി, ജി.17 അതിരമ്പുഴ ഗ്രാമപഞ്ചായത്ത്, കോട്ടയം

ഡെപ്യൂട്ടി കളക്ടർ, (ആർ.ആർ), കളക്ടറേറ്റ്, ഇടുക്കി &
വരണാധികാരി, ബി.58 ഇടുക്കി ബ്ലോക്ക്പഞ്ചായത്ത്, ഇടുക്കി

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഇളംദേശം &
വരണാധികാരി, ജി.27 കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി

ഡെപ്യൂട്ടി ഡയറക്ടർ, ഡയറി ഡെവലപ്പ്മെന്റ്, തൃശ്ശൂർ &
വരണാധികാരി, എം.34 കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിൽ, തൃശ്ശൂർ

തഹസിൽദാർ(ലാന്റ് റെക്കോർഡ്സ്), തലപ്പിള്ളി &
വരണാധികാരി, ജി.07 ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

സബ് രജിസ്ട്രാർ, തൃപ്രയാർ &
വരണാധികാരി, ജി.44 നാട്ടിക ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

അഗ്രികൾച്ചറൽ ഓഫീസർ, കപ്പിടി ആനക്കര &
വരണാധികാരി, ജി.02 ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്

അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ, മണ്ണാർക്കാട് &
വരണാധികാരി, ജി.38 തച്ചമ്പാറ ഗ്രാമപഞ്ചായത്ത്, പാലക്കാട്

സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, കൊടുവായൂർ &
വരണാധികാരി, ജി.65 കൊടുവായൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്

ജില്ലാ കളക്ടർ, മലപ്പുറം &
വരണാധികാരി, ഡി.10 മലപ്പുറം ജില്ലാപഞ്ചായത്ത്, മലപ്പുറം

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി, റോഡ്സ് ഡിവിഷൻ, മഞ്ചേരി &
വരണാധികാരി, എം.46 മഞ്ചേരി മുനിസിപ്പൽ കൗൺസിൽ, മലപ്പുറം

ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി, മലപ്പുറം, മഞ്ചേരി &
വരണാധികാരി, ജി.21 തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), പൊന്നാനി&
വരണാധികാരി, ജി.96 ആലംകോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം

അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ, കോഴിക്കോട്(റൂറൽ), പുതിയറ, കോഴിക്കോട് &
വരണാധികാരി, ജി.66 കാരശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, പയ്യന്നൂർ &
വരണാധികാരി, ജി.02 മാടായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്,കതിരൂർ &
വരണാധികാരി, ജി.75 കണിച്ചാർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

സർ,

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിൽ **10.12.2024 (ചൊവ്വാഴ്ച)** ന് നടത്തുന്ന 12-ാം ഉപതിരഞ്ഞെടുപ്പ് - കാര്യപരിപാടി അറിയിക്കുന്നത് -സംബന്ധിച്ച്

സംസ്ഥാനത്തെ പതിനൊന്ന് ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലും മുനിസിപ്പാലിറ്റി വാർ ഡുകളിലും **2024 ഡിസംബർ 10 (ചൊവ്വാഴ്ച)** ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടി അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കാര്യപരിപാടി അനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ നിർദേശിക്കുന്നു.

**<u>പട്ടിക</u>**

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും | നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | സംവരണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ജി 07.വെള്ളറട ഗ്രാമപഞ്ചായത്ത് | 19.കരിക്കാമൻകോഡ് | സ്ത്രീ |
| 2 | കൊല്ലം | ജി08. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് | 08.നടുവിലക്കര | പട്ടികജാതി സ്ത്രീ |
| 3 | കൊല്ലം | ജി11. കുന്നത്തൂർ ഗ്രാമപഞ്ചായത്ത് | 05.തെറ്റിമുറി | പട്ടികജാതി |
| 4 | കൊല്ലം | ജി27. ഏരൂർ ഗ്രാമപഞ്ചായത്ത് | 17.ആലഞ്ചേരി | സ്ത്രീ |
| 5 | കൊല്ലം | ജി50. തേവലക്കര ഗ്രാമപഞ്ചായത്ത് | 12.കോയിവിള തെക്ക് | സ്ത്രീ |
| 6 | കൊല്ലം | ജി50. തേവലക്കര ഗ്രാമപഞ്ചായത്ത് | 22.പാലക്കൽ വടക്ക് | സ്ത്രീ |
| 7 | കൊല്ലം | ജി60. ചടയമംഗലം ഗ്രാമപഞ്ചായത്ത് | 05.പൂങ്കോട് | സ്ത്രീ |
| 8 | പത്തനംതിട്ട | ബി28. കോന്നി ബ്ലോക്ക്പഞ്ചായത്ത് | 13.ഇളകൊള്ളൂർ | സ്ത്രീ |
| 9 | പത്തനംതിട്ട | ബി29. പന്തളം ബ്ലോക്ക്പഞ്ചായത്ത് | 12.വല്ലന | ജനറൽ |
| 10 | പത്തനംതിട്ട | ജി10. നിരണം ഗ്രാമപഞ്ചായത്ത് | 07.കിഴക്കുംമുറി | ജനറൽ |
| 11 | പത്തനംതിട്ട | ജി17. എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | 05ഇരുമ്പുകുഴി | സ്ത്രീ |
| 12 | പത്തനംതിട്ട | ജി36. അരുവാപ്പുലം ഗ്രാമപഞ്ചായത്ത് | 12.പുളിഞ്ചാണി | സ്ത്രീ |

| | | | | |
|---|---|---|---|---|
| 13 | ആലപ്പുഴ | ബി34. ആര്യാട് ബ്ലോക്ക്പഞ്ചായത്ത് | 01.വളവനാട് | ജനറൽ |
| 14 | ആലപ്പുഴ | ജി66. പത്തിയൂർ ഗ്രാമപഞ്ചായത്ത് | 12.എരുവ | ജനറൽ |
| 15 | കോട്ടയം | എം64. ഈരാറ്റുപേട്ട മുനിസിപ്പൽ കൗൺസിൽ | 16.കുഴിവേലി | സ്ത്രീ |
| 16 | കോട്ടയം | ജി17. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | 03.ഐ.റ്റി.ഐ | ജനറൽ |
| 17 | ഇടുക്കി | ബി. 58.ഇടുക്കി ബ്ലോക്ക്പഞ്ചായത്ത് | 02.കഞ്ഞിക്കുഴി | സ്ത്രീ |
| 18 | ഇടുക്കി | ജി 27.കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | 09.പന്നൂർ | ജനറൽ |
| 19 | തൃശ്ശൂർ | എം34. കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിൽ | 41.ചേരമാൻ മസ്ജിദ് | ജനറൽ |
| 20 | തൃശ്ശൂർ | ജി07. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | 03.പൂശപ്പിള്ളി | ജനറൽ |
| 21 | തൃശ്ശൂർ | ജി44. നാട്ടിക ഗ്രാമപഞ്ചായത്ത് | 09.ഗോഖലെ | ജനറൽ |
| 22 | പാലക്കാട് | ജി02. ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് | 09. ചാലിശ്ശേരി മെയിൻ റോഡ് | സ്ത്രീ |
| 23 | പാലക്കാട് | ജി38. തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | 04.കോഴിയോട് | ജനറൽ |
| 24 | പാലക്കാട് | ജി65. കൊടുവായൂർ ഗ്രാമപഞ്ചായത്ത് | 13.കോളോട് | ജനറൽ |
| 25 | മലപ്പുറം | ഡി.10 മലപ്പുറം ജില്ലാ പഞ്ചായത്ത് | 31.തൃക്കലങ്ങോട് | പട്ടികജാതി |
| 26 | മലപ്പുറം | എം46. മഞ്ചേരി മുനിസിപ്പൽ കൗൺസിൽ | 49.കരുവമ്പ്രം | ജനറൽ |
| 27 | മലപ്പുറം | ജി21. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | 22.മരത്താണി | സ്ത്രീ |
| 28 | മലപ്പുറം | ജി96. ആലംകോട് ഗ്രാമപഞ്ചായത്ത് | 18.പെരുമുക്ക് | ജനറൽ |
| 29 | കോഴിക്കോട് | ജി66. കാരശ്ശേരി ഗ്രാമപഞ്ചായത്ത് | 18.ആനയാംകുന്ന് വെസ്റ്റ് | ജനറൽ |
| 30 | കണ്ണൂർ | ജി02. മാടായി ഗ്രാമപഞ്ചായത്ത് | 06.മാടായി | സ്ത്രീ |

| | | | | |
|---|---|---|---|---|
| 31 | കണ്ണൂർ | ജി75. കണിച്ചാർ ഗ്രാമപഞ്ചായത്ത് | 06.ചെങ്ങോം | പട്ടികവർഗ്ഗം |

1. **10.12.2024** -ന് നടത്തുന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് **(14.11.2024)** മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

2 . മേൽ പറഞ്ഞ നിയോജകമണ്ഡലങ്ങളിൽ / വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പുതുക്കിയ സമ്മതിദായക പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ 19.10.2024 ൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ഉടൻ അറിയിക്കേണ്ടതാണ്.

3 . തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഫാറം 1-ലുള്ള നോട്ടീസ് **2024 നവംബർ 15 (വ്യാഴാഴ്ച)** ന് ബന്ധപ്പെട്ട വരണാധികാരികൾ ചട്ട പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അന്നുതന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

4 . ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനും ഉപതിരഞ്ഞെടുപ്പിന്റെ സുഗമവും നീതിപൂർവ്വകവുമായ നടത്തിപ്പിനും ആവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. **2024 ഡിസംബർ 10 (ചൊവ്വാഴ്ച)** -ന് ഉപതിരഞ്ഞടുപ്പ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ / വാർഡുകളിൽ തിരഞ്ഞെടുപ്പ് നടപടികൾക്കെതിരെ ഏതെങ്കിലും കോടതി വിധിയോ വിലക്കോ ഇല്ലെന്ന് ഉറപ്പുവരുത്താൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആ വിവരം എത്രയും വേഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്. കൂടാതെ, ഈ അറിയിപ്പ് കിട്ടിയാലുടൻ ബന്ധപ്പെട്ട വരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് വരണാധികാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ ഒരു യോഗം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ വിളിച്ചു കൂട്ടേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച നിർദേശങ്ങൾ നൽകേണ്ടതുമാണ്. ഈ യോഗതീയതി കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

5. വരണാധികാരികൾക്ക് സ്വന്തമായി ഓഫീസ് വാഹനമില്ലാത്ത പക്ഷം, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാഹനം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്ക് ലഭ്യമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.

6 . 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും പ്രകാരം ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് **രണ്ടായിരം രൂപയും**, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് **നാലായിരം രൂപയും** മുനിസിപ്പാലിറ്റി വാർഡുകളിൽ മത്സരിക്കുന്നതിന് **നാലായിരം രൂപയും** ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് **അയ്യായിരം രൂപയും** ആണ് സ്ഥാനാർത്ഥികൾ നിക്ഷേപതുകയായി കെട്ടിവെക്കേണ്ടത്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവെക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്.

7 . വരണാധികാരികൾ തിരഞ്ഞെടുപ്പിന് ശേഷം സ്ഥാനാർത്ഥികളുടെ നിക്ഷേപതുക തിരികെ നൽകുകയോ കണ്ടുകെട്ടുയോ ചെയ്യുന്നതിന്, കമ്മീഷന്റെ 23/02/2023-ലെ ബി1/39/2021/സം.തി.ക നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8 . സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി ജില്ലാ പഞ്ചായത്ത് വാർഡുകളിൽ **1,50,000/-** രൂപയും /-(ഒരുലക്ഷത്തിയമ്പതിനായിരം) ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ **75,000/-**രൂപയും (എഴുപത്തയ്യായിരം) മുനിസിപ്പാലിറ്റി വാർഡുകളിൽ **75,000/-**രൂപയും (എഴുപത്തയ്യായിരം) ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ **25,000/-**(ഇരുപത്തയ്യായിരം) രൂപയുമാണെന്ന വിവരത്തിന് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്.

9 . തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. ഇതിലേയ്ക്ക്, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ വിവരം സ്ഥാനാർത്ഥികളെ മുൻകൂട്ടി അറിയിക്കാൻ വരണാധികാരി നടപടി സ്വീകരിക്കേണ്ടതാണ്.

10. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 86-ാം വകുപ്പും / 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം

142-ാം വകുപ്പും അനുസരിച്ച് നിശ്ചിത സമയത്തിനകം തിരഞ്ഞെടുപ്പ് ചെലവു കണക്ക് സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥികളുടെ വിവരവും, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം / കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം അനുസരിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, **sec.kerala.gov.in** സൈറ്റിൽ ഓൺലൈനിലൂടെയും നേരിട്ടും യഥാസമയം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 13-11-2024 15:54:23

PRAKASH.B.S
SECRETARY

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ആമുഖകത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) , തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ
4. തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ,
5. ബന്ധപ്പെട്ട ഉപവരണാധികാരികൾക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർ മുഖേന)
6. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (ബന്ധപ്പെട്ട സെക്ഷനുകൾ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ്)
7. സ്റ്റാന്റിംഗ് കൗൺസിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
8. എ2, എ4, ബി5 സെക്ഷനുകൾ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (ഫണ്ട് അനുവദിക്കുന്നതിനും തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്നതിനും)
9. പബ്ലിക് റിലേഷൻസ് ഓഫീസർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (പത്രക്കുറിപ്പ് നൽകുന്നതിനായി)
10. കമ്മീഷണറുടെ പി.എസ്./സി.എ./സെക്രട്ടറിയുടെ സി.എ.
11. കമ്പ്യൂട്ടർ പ്രോഗ്രാമർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ഫയൽ/സ്റ്റോക്ക് ഫയൽ

---

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**ഉപതിരഞ്ഞെടുപ്പ് (2024 ഡിസംബർ 10 )**

**<u>കാര്യപരിപാടി</u>**

| | | |
|---|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | : | **2024 നവംബർ 15 (വെള്ളിയാഴ്ച)** |
| നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | : | **2024 നവംബർ 22 (വെള്ളിയാഴ്ച)** |
| നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : | **2024 നവംബർ 23 (ശനിയാഴ്ച)** |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | : | **2024 നവംബർ 25 (തിങ്കളാഴ്ച)** |
| ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും സമയവും | : | **2024 ഡിസംബർ 10 (ചൊവ്വാഴ്ച)** |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി | : | **2024 ഡിസംബർ 11 (ബുധനാഴ്ച)** |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | : | **2024 ഡിസംബർ 12 (വ്യാഴാഴ്ച)** |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനുള്ള അവസാന തീയതി | : | **2025 ജനുവരി 10 (വെള്ളിയാഴ്ച)** |

**PRAKASH.B.S**
**SECRETARY**